# പഠിക്കാനും പകർത്താനും പ്രവാചകന്റെ അഞ്ചുപാഠങ്ങൾ

**കബീർ എം. പറളി**

വിശ്വാസികളുടെ ജീവിതത്തെ സാർഥകമാക്കി നിർത്താനുതകുന്ന ധാർമ്മിക പാഠങ്ങൾ പ്രവാചക ഗുരുവിന്റെ വിദ്യാലയത്തിൽ സമൃദ്ധമായി കാണാനാകും. പ്രപഞ്ച സ്രഷ്ടാവി നോടുള്ള ബാധ്യതകളും കടപ്പാടുകളും പറഞ്ഞുപഠിപ്പിച്ച നബി(സ്വ) സഹജീവികളോടുള്ള ധർമ്മങ്ങളും പെരുമാറ്റങ്ങളും യഥാവിധം ഉദ്ബോധിപ്പിച്ചിട്ടുണ്ട്. എല്ലാം പരലോകത്ത് പ്രതിഫലം നേടാനുതകുന്നവ. നബി തിരുമേനി(സ്വ)യുടെ ഒരു അധ്യാപന സദസ്സ് ശ്രദ്ധിക്കുക:

عن أبي هريرة قال: قال رسول الله: ((من يأخذ عني هؤلاء الكلمات فيعمل بهن أو يعلّم من يعمل بهن))؟ فقال أبو هريرة: فقلت: أنا يا رسول الله! فأخذ بيدي فعد خمسا وقال: ((اتق المحارم تكن أعبد الناس، وأرض بما قسم الله لك تكن أغنى الناس، وأحسن إلى جارك تكن مؤمنا، وأحب للناس ما تحب لنفسك تكن مسلما، ولا تكثر الضحك فإن كثرة الضحك تميت القلب)) (صحيح الترمذي للألباني، حديث حسن)

അബൂഹുറയ്റ(റ) നിവേദനം. അല്ലാഹുവിന്റെ ദൂതൻ ചോദിച്ചു: (ഞാൻ പറയാൻ പോകുന്ന) ഈ വാക്കുകൾ സ്വീകരിക്കാനും, അതനുസരിച്ച് പ്രവർത്തിക്കാനും അല്ലെങ്കിൽ അവയനു സരിച്ച് പ്രവർത്തിക്കാൻ തയ്യാറുള്ളവർക്ക് പഠിപ്പിച്ചു കൊടുക്കാനും മുന്നോട്ടു വരുന്നവൻ ആരുണ്ട്? അബൂ ഹുറയ്റ പറയുകയാണ്, അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഇതാ ഞാനുണ്ട്. ആ സമയം പ്രവാചകൻ(സ്വ) കൈപിടിച്ച് അഞ്ച് കാര്യങ്ങൾ എണ്ണിപ്പറഞ്ഞു: 1. അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളിൽ നീ സൂക്ഷ്മത പാലിക്കുക, എങ്കിൽ നീയായിരിക്കും ജനങ്ങളിലെ ഏറ്റവും ഭക്തനായ വ്യക്തി. 2. അല്ലാഹു നിനക്ക് വീതിച്ചുതന്ന ജീവിത വിഭവങ്ങളിൽ സംതൃപ്തനാവുക, എങ്കിൽ നീയായിരിക്കും ജനങ്ങളിലെ ഏറ്റവും സമ്പന്നനായ മനുഷ്യൻ. 3. നീ നിന്റെ അയൽവാസിക്ക് നന്മകൾ ചെയ്യുക, നിനക്ക് നിർഭയനായ വിശ്വാസി യാകാം. 4. നിനക്കുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന നേട്ടങ്ങൾ അന്യർക്കും ഉണ്ടാകണമെന്ന് ആശിക്കുക, നിന്ക്ക് സുരക്ഷിതനായ മുസ്ലിമാകാം. 5. ചിരിയിൽ അതിരുകവിയരുത്, അതിരുവിട്ട ചിരി ഹൃദയവികാരത്തെ നിർജ്ജീവമാക്കും. (സ്വഹീഹുത്തിർമിദി, അൽബാനി, ഹദീസ് ഹസൻ)

മഹനീയമായ അഞ്ച് കാര്യങ്ങളാണ് പ്രവാചക ശ്രേഷ്ഠൻ(സ്വ) ഈ ഉപദേശത്തിലൂടെ വിശ്വാസീലോകത്തെ പഠിപ്പിക്കുന്നത്. ഇവ മുഴുവൻ സ്വീകരിക്കാനും പ്രയോഗത്തിൽ കൊണ്ടു വരാനും തയ്യാറാകുന്നുവെങ്കിൽ സ്വന്തത്തിനും അന്യർക്കും സമ്പൂർണ്ണ നന്മയാണ് ലഭ്യമാകു ന്നത്. ആത്യന്തികമായ വിജയം ഏതൊരാൾക്കും നേടാനാകുന്നത് സ്വന്തത്തെയെന്നപോലെ സഹജീവികളേയും പരിഗണിക്കുമ്പോഴാണ് എന്ന പാഠം ഈ തിരുമൊഴികൾ നൽകുന്നുണ്ട്. വിശുദ്ധ ഖുർആൻ തന്നെയും ഇക്കാര്യം സൂചിപ്പിക്കുന്നതായി കാണാനാകും.

وَالْعَصْرِ * إِنَّ الْإِنسَانَ لَفِي خُسْرٍ * إِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ (العصر: 1-3)

കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ. (അസ്വ്ർ: 13)

വിശ്വാസത്തിനും സൽകർമ്മങ്ങൾക്കുമൊപ്പം, പരസ്പരോപദേശങ്ങളും ഗുണകാംക്ഷ കളും ജീവിതത്തിൽ പുലർത്തിപ്പോരണം എന്നത്രെ ഈ വചനങ്ങളുടെ താത്പര്യം. ആകാശത്തുള്ളവ

നോടും ഭൂമിയിലുള്ളവരോടുമുള്ള ഉത്തരവാദിത്തങ്ങൾ കണിശമായി നിർവഹിക്കുമ്പോഴേ ഈമാനിന്റെ പൂർണ്ണത വിശ്വാസികളിലുണ്ടാകൂ എന്ന് ചുരുക്കം.

**നിഷിദ്ധകാര്യങ്ങളിൽ ജാഗ്രതകാണിക്കുക**

നബി(സ്വ)യുടെ പഞ്ചപാഠങ്ങളെ വിശകലനം ചെയ്യുന്നത് കൂടുതൽ ആശയതലങ്ങളിലേക്കെത്തിച്ചേരാൻ നമ്മെ സഹായിക്കുന്നതാണ്. മഹാനായ അബൂഹുറയ്റ(റ)യുടെ കൈ വിരലുകൾ പിടിച്ച് കൊണ്ട് അവിടുന്ന് എണ്ണിപ്പറഞ്ഞ പ്രഥമ പാഠം, അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളിൽ നീ സൂക്ഷ്മത പാലിക്കുക, എങ്കിൽ നീയായിരിക്കും ജനങ്ങളിലെ ഏറ്റവും ഭക്തനായ വ്യക്തി എന്നാണ്. മനുഷ്യ ജീവിതത്തിൽ വന്നു ഭവിക്കാൻ പാടില്ലാത്ത നിഷിദ്ധകാര്യങ്ങളെ സംബന്ധിച്ച് അല്ലാഹുവും റസൂലും നമുക്ക് മുൻധാരണകൾ നൽകിയിട്ടുണ്ട്. മനുഷ്യന്റെ ഭൗതിക യാത്രയിലും ലക്ഷ്യപ്രാപ്തിയിലും തടസ്സമായി വരാവുന്ന സംഗതികളെ മാത്രമേ, സ്രഷ്ടാവായ തമ്പുരാൻ നിഷിദ്ധ സംഗതികളായി പ്രഖ്യാപിച്ചിട്ടുള്ളൂ എന്നതാണ് സത്യം. അല്ലാഹു പറഞ്ഞു:

وَقَدْ فَصَّلَ لَكُم مَّا حَرَّمَ عَلَيْكُمْ [ الأنعام: 119].

നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് അവൻ (അല്ലാഹു) നിങ്ങൾക്ക് വിശദമാക്കിത്ത ന്നിട്ടുണ്ട്. (അൻആം: 119)

മനുഷ്യൻ ബന്ധപ്പെടുന്ന ഓരോ മേഖലയിലും സ്വയം മാറ്റിനിർത്തേണ്ടതായ നിഷിദ്ധങ്ങളുടെ വിവരങ്ങൾ ഖുർആൻ പലയിടങ്ങളിലായി പറഞ്ഞു തന്നിട്ടുണ്ട്. അത്തരം ചില സൂക്തങ്ങളിലൂടെ കടന്നു പോകുന്നത് 'നീ നിഷിദ്ധകാര്യങ്ങളിൽ സൂക്ഷ്മത പാലിക്കുക, നിനക്ക് നല്ല ഭക്തനാകാം' എന്ന നബിവചനത്തെ യഥാതഥം ഉൾക്കൊള്ളാൻ സഹായകമാകും. ഖുർആൻ പറഞ്ഞു:

قُلْ تَعَالَوْاْ أَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ أَلاَّ تُشْرِكُواْ بِهِ شَيْئًا وَبِالْوَالِدَيْنِ إِحْسَانًا وَلاَ تَقْتُلُواْ أَوْلاَدَكُم مِّنْ إمْلاَقٍ نَّحْنُ نَرْزُقُكُمْ وَإِيَّاهُمْ وَلاَ تَقْرَبُواْ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَلاَ تَقْتُلُواْ النَّفْسَ الَّتِي حَرَّمَ اللّهُ إِلاَّ بِالْحَقِّ ذَلِكُمْ وَصَّاكُمْ بِهِ لَعَلَّكُمْ تَعْقِلُونَ [الأنعام: 151].

(നബിയേ,) പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞ് കേൾപിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നൻമചെയ്യണം. ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ നിങ്ങൾ കൊന്നുകളയരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം തരുന്നത്. പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിച്ച് പോകരുത്. അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിച്ചുകളയരുത്. നിങ്ങൾ ചിന്തിച്ച് മനസ്സിലാക്കുവാൻ വേണ്ടി. അവൻ (അല്ലാഹു) നിങ്ങൾക്ക് നൽകിയ ഉപദേശമാണത്. (അൻആം: 151)

قُلْ إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالإِثْمَ وَالْبَغْيَ بِغَيْرِ الْحَقِّ وَأَن تُشْرِكُواْ بِاللّهِ مَا لَمْ يُنَزِّلْ بِهِ سُلْطَانًا وَأَن تَقُولُواْ عَلَى اللّهِ مَا لاَ تَعْلَمُونَ [الأعراف: 33].

പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും, അധർമ്മവും, ന്യായം കൂടാതെയുള്ള കയ്യേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്.

ഭക്ഷണ സാധനങ്ങളെ വിശദീകരിക്കുന്നിടത്ത് ഖുർആൻ നൽകുന്ന നിർദ്ദേശം കാണുക:

قُل لاَّ أَجِدُ فِي مَا أُوْحِيَ إِلَيَّ مُحَرَّمًا عَلَى طَاعِمٍ يَطْعَمُهُ إِلاَّ أَن يَكُونَ مَيْتَةً أَوْ دَمًا مَّسْفُوحًا أَوْ لَحْمَ خِنْزِيرٍ فَإِنَّهُ رِجْسٌ أَوْ فِسْقًا أُهِلَّ لِغَيْرِ اللّهِ بِهِ [ الأنعام: 145]

(നബിയേ,) പറയുക: എനിക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിൽ ഒരു ഭക്ഷിക്കുന്നവന്ന് ഭക്ഷിക്കുവാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല; അത് ശവമോ, ഒഴുക്കപ്പെട്ട രക്തമോ, പന്നിമാംസമോ ആണെങ്കിലൊഴികെ. കാരണം അത് മ്ലേച്ഛമത്രെ. അല്ലെങ്കിൽ അല്ലാഹുവല്ലാത്തവരുടെ പേരിൽ (നേർച്ചയായി) പ്രഖ്യാപിക്കപ്പെട്ടതിനാൽ അധാർമ്മികമായി ത്തീർന്നിട്ടുള്ളതും ഒഴികെ.(അൻആം: 145)

حُرِّمَتْ عَلَيْكُمُ الْمَيْتَةُ وَالْدَّمُ وَلَحْمُ الْخِنْزِيرِ وَمَا أُهِلَّ لِغَيْرِ اللّهِ بِهِ وَالْمُنْخَنِقَةُ وَالْمَوْقُوذَةُ وَالْمُتَرَدِّيَةُ وَالنَّطِيحَةُ وَمَا أَكَلَ السَّبُعُ إِلاَّ مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى النُّصُبِ وَأَن تَسْتَقْسِمُواْ بِالأَزْلاَمِ ذَلِكُمْ فِسْقٌ [المائدة: 3].

ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റ് ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽ നിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്കുമുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും (നിങ്ങൾക്ക്) നിഷിദ്ധമാ കുന്നു. അമ്പുകളുപയോഗിച്ച് ഭാഗ്യം നോക്കലും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) അതൊക്കെ അധർമ്മമാകുന്നു.(മാഇദ: 3)

പാനീയങ്ങളുടെ വിഷയത്തിലും വിശുദ്ധ ഖുർആനിന്റെ മാർഗനിർദ്ദേശം വ്യക്തമാണ്. അല്ലാഹു പറഞ്ഞു:

يا أيها الذين آمنوا إنما الخمر والميسر والأنصاب والأزلام رجس من عمل الشيطان فاجتنبوه لعلكم تفلحون [المائدة: 90].

സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം. (മാഇദ: 9)

എന്നും ലോകത്തെ ഗ്രസിച്ചുനിന്ന മ്ലേഛവൃത്തിയാണ് മദ്യപാനമെന്നത്. അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ദിനംപ്രതി അനുഭവിക്കുന്നവരാണ് നാം. മദ്യം നിഷിദ്ധ മാണെന്ന ദൈവികനിർദ്ദേശത്തെ ലോകം മാനിക്കുകയും പാലിക്കുകയും ചെയ്തിരുന്നുവെ ങ്കിൽ നിലവിലെ സാമൂഹ്യാന്തരീക്ഷം എത്രമേൽ സമാധാനപൂരിതമാകുമായിരുന്നു എന്നാ ലോചിച്ചു നോക്കുക!

വിവാഹം മനുഷ്യ ജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. വിവാഹജീവിതത്തെ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുകയും അതിലേക്കാവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നൽകുകയും ചെയ്യു ന്നുണ്ട്. ആരെ വിവാഹം കഴിക്കണം ആരെ വിവാഹം കഴിച്ചു കൂടാ എന്ന വിശദീകരണത്തിൽ ഖുർആനിന്റെ അധ്യാപനം കാണുക:

حُرِّمَتْ عَلَيْكُمْ أُمَّهَاتُكُمْ وَبَنَاتُكُمْ وَأَخَوَاتُكُمْ وَعَمَّاتُكُمْ وَخَالاَتُكُمْ وَبَنَاتُ الأَخِ وَبَنَاتُ الأُخْتِ وَأُمَّهَاتُكُمُ اللاَّتِي أَرْضَعْنَكُمْ وَأَخَوَاتُكُم مِّنَ الرَّضَاعَةِ وَأُمَّهَاتُ نِسَآئِكُمْ وَرَبَائِبُكُمُ اللاَّتِي فِي حُجُورِكُم مِّن نِّسَآئِكُمُ اللاَّتِي دَخَلْتُم بِهِنَّ فَإِن لَّمْ تَكُونُواْ دَخَلْتُم بِهِنَّ فَلاَ جُنَاحَ عَلَيْكُمْ وَحَلاَئِلُ أَبْنَائِكُمُ الَّذِينَ مِنْ أَصْلاَبِكُمْ وَأَن تَجْمَعُواْ بَيْنَ الأُخْتَيْنِ إَلاَّ مَا قَدْ سَلَفَ إِنَّ اللّهَ كَانَ غَفُوراً رَّحِيماً [النساء: 23].

നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃസഹോദരിമാർ, മാതൃസഹോദരിമാർ, നിങ്ങളെ മുലകുടിപ്പിച്ച പോറ്റമ്മമാർ, മുലകുടി ബന്ധമുള്ള നിങ്ങളുടെ സഹോദരിമാർ, നിങ്ങളുടെ ഭാര്യാമാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്ക് നിഷിദ്ധമാ ക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ലൈംഗികവേഴ്ചയിൽ ഏർപെട്ടിട്ടുള്ള നിങ്ങളുടെ ഭാര്യമാരുടെ സന്താനങ്ങളായി നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്ത് പുത്രിമാരും (അവരെ വിവാഹം ചെയ്യുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു). ഇനി നിങ്ങൾ അവരുമായി ലൈംഗികവേഴ്ചയിൽ ഏർപെട്ടിട്ടില്ലെങ്കിൽ (അവരുടെ മക്കളെ വേൾക്കുന്നതിൽ) നിങ്ങൾക്കു കുറ്റമില്ല. നിങ്ങളുടെ മുതുകിൽ നിന്ന് പിറന്ന പുത്രൻമാരുടെ ഭാര്യമാരും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.)

രണ്ടുസഹോദരിമാരെ ഒന്നിച്ച് ഭാര്യമാരാക്കുന്നതും (നിഷിദ്ധമാകുന്നു.) മുമ്പ് ചെയ്ത് പോയ തൊഴികെ. തീര്‍ച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (നിസാഅ്: 23)

മനുഷ്യന്റെ ദൈനംദിന ജീവതത്തിന്റെ സ്രോതസ്സായ സമ്പാദ്യമേഖലയേയും ഖുര്‍ആന്‍ പരാമര്‍ശിക്കാതെ വിട്ടിട്ടില്ല. അര്‍ഹതയും അവകാശവും നോക്കാതെയുള്ള ധനസമ്പാദനം വിശ്വാസികള്‍ക്ക് യോജിച്ചതല്ലെന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. ധനവര്‍ധനവിന് ഏറ്റവും പറ്റിയ മാര്‍ഗമായി സമൂഹത്തിലെ അത്യാഗ്രഹികള്‍ സാര്‍വത്രികമായി സ്വീകരിച്ചിട്ടുള്ള വഴിയാണല്ലൊ പലിശക്കച്ചവടം. എന്നാല്‍ അതിനോടുള്ള നിശിതമായ കാഴ്ചപ്പാട് വ്യക്തമാക്കിക്കൊണ്ട് ഖുര്‍ആന്‍ പറഞ്ഞു:

الَّذِينَ يَأْكُلُونَ الرِّبَا لاَ يَقُومُونَ إِلاَّ كَمَا يَقُومُ الَّذِي يَتَخَبَّطُهُ الشَّيْطَانُ مِنَ الْمَسِّ ذَلِكَ بِأَنَّهُمْ قَ الُواْ إِنَّمَا الْبَيْعُ مِثْلُ الرِّبَا وَأَحَلَّ اللّهُ الْبَيْعَ وَحَرَّمَ الرِّبَا فَمَن جَاءهُ مَوْعِظَةٌ مِّن رَّبِّهِ فَانتَهَىَ فَلَهُ مَا سَلَفَ وَأَمْرُهُ إِلَى اللّهِ وَمَنْ عَادَ فَأُوْلَـئِكَ أَصْحَابُ النَّارِ هُمْ فِيهَا خَالِدُونَ [البقرة: 275].

പലിശ തിന്നുന്നവര്‍ പിശാച് ബാധ നിമിത്തം മറിഞ്ഞുവീഴുന്നവന്‍ എഴുന്നേല്‍ക്കുന്നത് പോലെയല്ലാതെ എഴുന്നേല്‍ക്കുകയില്ല. കച്ചവടവും പലിശ പോലെത്തന്നെയാണ് എന്ന് അവര്‍ പറഞ്ഞതിന്റെ ഫലമത്രെ അത്. എന്നാല്‍ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാല്‍ അല്ലാഹുവിന്റെ ഉപദേശം വന്നുകിട്ടിയിട്ട് (അതനുസരിച്ച്) വല്ലവനും (പലിശയില്‍ നിന്ന്) വിരമിച്ചാല്‍ അവന്‍ മുമ്പ് വാങ്ങിയത് അവന്നുള്ളത് തന്നെ. അവന്റെ കാര്യം അല്ലാഹുവിന്റെ തീരുമാനത്തിന്ന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലിശയിടപാടുകളിലേക്ക് തന്നെ) മടങ്ങുകയാണെങ്കില്‍ അവരത്രെ നരകാവകാശികള്‍. അവരതില്‍ നിത്യവാസികളായിരിക്കും. (ബഖറ: 275)

നബിതിരുമേനി(സ്വ)യുടെ ഹദീസുകളിലും മുഹര്‍റമാത്തുകളെ സംബന്ധിച്ച പാഠങ്ങള്‍ കാണാം.

ജാബിര്‍ ബ്ന്‍ അബ്ദില്ല നിവേദനം. നബി(സ്വ) പറഞ്ഞു: മദ്യം, ശവം, പന്നി, ബിംബങ്ങള്‍ എന്നിവ വില്പന നടത്തുന്നത് അല്ലാഹു നിഷിദ്ധമാക്കിയിട്ടുണ്ട്. (ബുഖാരി മുസ്‌ലിം)

وعن ابن عمر – رضي الله عنهما– عن النبي – صلى الله عليه وسلم– قال ((كل مسكر خمر، وكل خمر حرام)) مسلم.

ഇബ്നു ഉമര്‍(റ) നിവേദനം നബി(സ്വ) പറഞ്ഞു: ലഹരിയുണ്ടാക്കുന്നത് മുഴവന്‍ മദ്യമാണ്. എല്ലാ മദ്യവും നിഷിദ്ധവുമാണ്. (മുസ്‌ലിം)

وقوله صلى الله عليه وسلم: ((إن دماءكم وأموالكم وأعراضكم عليكم حرام)) البخاري

നിങ്ങളുടെ രക്തവും, ധനവും, അഭിമാനവും നിങ്ങളുടെമേല്‍ പരസ്പരം നിഷിദ്ധമാണ്. (ബുഖാരി)

അഥവാ ഓരോ വ്യക്തിയുടേയും രക്ത-ധന-അഭിമാനങ്ങള്‍ പവിത്രമാകുന്നുവെന്നും അന്യായമായി അവയുടെമേല്‍ അതിക്രമങ്ങള്‍ അരുതെന്നുമാണ് ഈ ഹദീസ് സാരമാക്കുന്നത്.

وعن ابن عباس -رضي الله عنهما ((يحرم من الرضاع ما يحرم من النسب)) متفق عليه

ഇബ്നു അബ്ബാസ്(റ) നിവേദനം. നബി(സ്വ) അരുളുകയുണ്ടായി: രക്തബന്ധത്താല്‍ നിഷിദ്ധമാകുന്ന (വൈവാഹിക ബന്ധം) മുലകുടിബന്ധത്താലും നിഷിദ്ധമാകുന്നതാണ്. (ബുഖാരി, മുസ്‌ലിം)

ചുരുക്കത്തില്‍, വിശ്വാസികള്‍ ജാഗ്രതപുലര്‍ത്തേണ്ടതായ നിഷിദ്ധങ്ങളെ സംബന്ധിച്ച് വിശുദ്ധ ഖുര്‍ആനും പ്രവാചകാധ്യാപനങ്ങളും കൃത്യമായ മാര്‍ഗനിര്‍ദ്ദേശങ്ങളാണ് നമുക്ക് നല്‍കുന്നത്. മുഅ്മിനുകളെന്ന നിലക്ക് പ്രസ്തുത മാര്‍ഗനിര്‍ദ്ദേശങ്ങള്‍ നാം കണിശമായും പാലിച്ചിരിക്കേ

ണ്ടതാണ്. തിന്മകളിൽ നിന്ന് മാറിനിൽക്കുമ്പോൾ സ്വാഭാവികമായും നന്മകളിലേക്ക് ആഭിമുഖ്യ മുണ്ടാവുകയും, ആ മേഖലകളിൽ നിരന്തര പ്രയത്നത്തിന് ശ്രദ്ധിക്കുകയും ചെയ്യും. അങ്ങിനെ യുള്ളവർക്ക് പടച്ചതമ്പുരാനിൽ നിന്നും പ്രത്യേകം അനുഗ്രാശിസ്സുകൾ ലഭിക്കുകയും ചെയ്യും. അപ്പോൾ, അല്ലാഹു വിന്റെ റസൂൽ പറഞ്ഞതുപോലെ, ജനങ്ങളിലെ ഏറ്റവും നല്ല ഭക്തനാകാൻ പ്രസ്തുത വ്യക്തിക്ക് സാധിക്കുന്നതാണ്.

**അല്ലാഹു നൽകിയതിൽ സംതൃപ്തിപ്പെടുക**

പ്രവാചക തിരുമേനിയുടെ പഞ്ചപാഠങ്ങൾ രണ്ടാമത്തേത്, അല്ലാഹു നിനക്ക് വീതിച്ചു തന്ന ജീവിത വിഭവങ്ങളിൽ സംതൃപ്തനാവുക, എങ്കിൽ നീയായിരിക്കും ജനങ്ങളിലെ ഏറ്റവും സമ്പന്നനായ മനുഷ്യൻ എന്നതാണ്. നബി(സ)യുടെ പ്രഖ്യാപനം നൂറുശതമാനവും ശരിയാണ്. ദുനിയാവിൽ ഓരോ ജീവിക്കും ആവശ്യമായ ഐഹിക വിഭവങ്ങൾ വീതംവെച്ചു നൽകുന്നതിൽ പ്രപഞ്ചസ്രഷ്ടാവിന് ഒരു നിയമമുണ്ട്. അല്ലാഹുവിൽ നിന്ന് ലഭ്യമാകുന്ന വിഭവങ്ങളിൽ തൃപ്തിപ്പെടുക എന്നതാണ് മനുഷ്യന് കരണീയമായിട്ടുള്ളത്. അപ്പോൾ മാനസി കമായ ധന്യതയനുഭവിക്കാൻ ഏതൊരാൾക്കും സാധിക്കുന്നതാണ്. പ്രവാചകൻ അക്കാര്യത്തി ലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് പറഞ്ഞു:

عن أبي هريرة رضي الله عنه أن النبي صلى الله عليه وسلم قال ((ليس الغنى عن كثرة العرض، ولكن الغنى غنى النفس)) متفق عليه

അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ധനം എന്നതു ഭൗതിക വിഭവത്തിന്റെ വർദ്ധനവല്ല. എന്നാൽ ധനം എന്നതു മനസ്സിന്റെ സംതൃപ്തിയാണ്. (ബുഖാരി, മുസ്‌ലിം)

ഇമാം ഇബ്നു ബത്വാലിന്റെ വിശദീകരണം വായിക്കുക:

قال ابن بطال : معنى الحديث : ليس حقيقة الغنى كثرة المال، لأن كثيرا من وسع الله عليه في المال لا يقنع بما أوتي فهو يجتهد في الازدياد ولا يبالي من أين يأتيه، فكأنه فقير لشدة حرصه، وإنما حقيقة الغنى غنى النفس، وهو من استغنى بما أوتي وقنع به ورضي ولم يحرص على الازدياد ولا ألح في الطلب، فكأنه غني .

പ്രവാചക ഹദീസിന്റെ താത്പര്യമിതാണ്: ധനാധിക്യമല്ല സമ്പന്നത എന്നത്. എന്തുകൊ ണ്ടെന്നാൽ അല്ലാഹു ധനം ധാരാളമായി നൽകിയ ആളുകളിലധികപേരും ലഭ്യമായ വിഭവ ങ്ങളിൽ ആത്മസംതൃപ്തിയില്ലാത്തവരാണ്. ഏതുവിധേനയും വീണ്ടും വീണ്ടും ധനമൊരുക്കൂ ട്ടാനുള്ള തത്രപ്പാടിലാണവർ. അത്യാഗ്രഹം അവനെ പരമദരിദ്രനാക്കിയിരിക്കുകയാണ്. സത്യത്തിൽ സമ്പന്നത മനസ്സിലാണനുഭവപ്പെടേണ്ടത്. കിട്ടിയ വസ്തു വഹകളിൽ തൃപ്തി പ്പെട്ടും, അത്യാഗ്രഹമുപേക്ഷിച്ചും, ആവശ്യങ്ങൾക്കു പിന്നാലെ പായാതേയും ജീവിക്കുന്ന വനാരോ അവനാണ്, ഒരു ധനികന്റേതായ സമ്പന്നത യഥാർ ഥത്തിൽ അനുഭവിക്കാനാകൂ.

ഹാഫിള് ഇബ്നു ഹജറുൽ അസ്കലാനിയുടെ വിശദീകരണം അല്പം കൂടി വ്യക്ത മാണ്.

قال الحافظ ابن حجر : والحاصل أن المتصف بغنى النفس يكون قانعا بما رزقه الله لا يحرص على الازدياد لغير حاجة، ولا يلح في الطلب، ولا يحلف في السؤال، بل يرضى بما قسم الله له، فكأنه واجد أبدا . والمتصف بفقر النفس على الضد منه لكونه لا يقنع بما أعطي، بل هو أبدا في طلب الازدياد من أي وجه أمكنه، ثم إذا فاته المطلوب حزن وأسف، فكأنه فقير من المال، لأنه لم يستغن بما أعطي، فكأنه ليس بغني (الفتح 277/11)

ചുരുക്കത്തിൽ, മാനസികമായി ധന്യതയനുഭവിക്കുന്നവൻ തനിക്ക് അല്ലാഹു വീതിച്ചു നൽകിയവയിൽ പൂർണ്ണ സംതൃപനായിരിക്കും. സാമ്പത്തിക വർദ്ധനവിനുവേണ്ടി അനാവ ശ്യമായി അവൻ അത്യാർത്തി കാണിക്കില്ല. ആഗ്രഹങ്ങൾക്കു പിറകെ തിടുക്കംകൂട്ടില്ല. വീണ്ടും വീണ്ടും പ്രാർഥിച്ചു കഴിയില്ല. പടച്ചവൻ നൽകിയതിൽ തികഞ്ഞ മനഃസംതൃപ്തിയായിരിക്കും അവന്നുണ്ടാവുക. തനിക്ക് വേണ്ടതു മുഴുവൻ എന്നെന്നേക്കുമായി ലഭിച്ചിട്ടുണ്ട് എന്ന നിലയിലായിരിക്കും അവൻ. എന്നാൽ മാനസികമായി ദാരിദ്ര്യമനുഭവിക്കന്നവൻ ഇപ്പറഞ്ഞതിന്

വിപരീതനിലയിലായിരിക്കും. കിട്ടിയതിൽ അവൻ തൃപ്തനല്ല. നാനാഭാഗത്തുനിന്നും കിട്ടാവുന്നിടത്തോളം സമ്പത്ത് ഒരുക്കൂട്ടുന്നതിലായിരിക്കും അവന്റെ ശ്രദ്ധ. മാത്രമല്ല, കൊതിച്ച സംഗതികൾ കിട്ടാതെ പോയാൽ അവൻ ദുഃഖിതനും നിരാശനുമായിത്തീരുന്നതാണ്. കൈവശം എത്രയുണ്ടെങ്കിലും ശരി, അവൻ ദരിദ്രതുല്യൻതന്നെയായിരിക്കും. നൽകപ്പെട്ട ഐഹിക വിഭവങ്ങളിൽ ആശ്വാസം കൊള്ളാൻ അവന്നാകുന്നില്ല എന്നതാണ് അതിന്നുള്ള കാരണം. അതുകൊണ്ടുതന്നെ, താൻ ഐശ്വര്യവാനല്ല എന്ന ചിന്തയിലായിരിക്കും എന്നുമവൻ. (ഫത്ഹുൽ ബാരി, 11/277)

അപ്പോൾ വിഷയം വളരെ വ്യക്തമാണ്. എന്നും ഐശ്വര്യവാനായി ജീവിക്കാൻ ആഗ്രഹിക്കുന്ന ഒരാൾ, തനിക്കു കൈവന്ന ജീവിതവിഭവങ്ങളിൽ ആത്മസംതൃപ്തി കാണിക്കാൻ തയ്യാറാവുക തന്നെ വേണം എന്നാണ് പ്രവാചക ഹദീസിൽ നിന്നും അതിന്റെ വിശദീകരണങ്ങളിൽ നിന്നും നാം മനസ്സിലാക്കുന്നത്. നബി(സ്വ)യുടെ മറ്റൊരു പ്രസ്താവ കൂടി ഇതോട് ചേർത്ത് വായിക്കുന്നത് നന്നായിരിക്കും.

عن سَلَمَةُ بْنُ عُبَيْدِ اللهِ بْنِ مِحْصَنٍ الخَطْمِيِّ ، عَنْ أَبِيهِ – وَكَانَتْ لَهُ صُحْبَةٌ – قَالَ : قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : (مَنْ أَصْبَحَ مِنْكُمْ آمِنًا فِي سِرْبِهِ ، مُعَافًى فِي جَسَدِهِ ، عِنْدَهُ قُوتُ يَوْمِهِ ، فَكَأَنَّمَا حِيزَتْ لَهُ الدُّنْيَا )

وقال الشيخ الألباني رحمه الله بعد تخريجه الحديث عن جماعة من الصحابة : " وبالجملة ، فالحديث حسن إن شاء الله بمجموع حديثي الأنصاري وابن عمر . و الله أعلم . انتهى. "السلسلة الصحيحة" (رقم/2318)

സലമത്ത് ബ്നു ഉബൈദുല്ല തന്റെ പിതാവിൽ നിന്ന് നിവേദനം. നബി(സ്വ) അരുളി: സ്വന്തം ഭവനത്തിൽ നിർഭയനായും, ശരീരത്തിൽ ആരോഗ്യവാനായും, ഒരു ദിവസത്തെ ഭക്ഷണവിഭവം കൈവശമുള്ളവനായും പ്രഭാതത്തിലെഴുന്നേൽക്കാൻ കഴിയുന്ന ഒരാൾ ദുനിയാവ് മുഴുവനും ഒരുമിച്ച് കിട്ടിയവനു തുല്യനാണ്. (സിൽസിലത്തുസ്സ്വഹീഹ, ന. 2318)

നബിതിരുമേനി(സ്വ) മറ്റൊരിക്കൽ പറഞ്ഞത് കാണുക.

عن عبد الله بن عمرو رضي الله عنهما أن رسول الله صلى الله عليه وسلم قال ((قد أفلح من أسلم، وكان رزقه كفافا، وقنّعه الله بما آتاه)) مسلم، ترمذي

അബ്ദുല്ലാഹി ബ്നു അംറ്(റ) നിവേദനം. പ്രവാചകൻ(സ്വ) അരുളി: മുസ്‌ലിമായവൻ വിജയിച്ചു. അവന്റെ ഭക്ഷണം അവന്ന് മതിയായതായിരിക്കും. അവന്ന് നൽകുന്നതെന്തൊ അതിൽ അല്ലാഹു അവന്ന് തൃപ്തി നൽകുകയും ചെയ്യും. (മുസ്ലിം, തിർമിദി)

പരമപരിശുദ്ധനായ അല്ലാഹു തന്റെ ദൂതന്ന് നൽകുന്ന ഉപദേശവും പ്രസ്താവനയും വായിച്ചു നോക്കുക. അന്യർക്ക് ലഭിക്കുന്ന ഭൗതികാലങ്കാരങ്ങളിലേക്ക് നോക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്ന പ്രവണത ഒരു വിശ്വാസിയിലുണ്ടായിക്കൂടാ എന്ന സന്ദേശമാണ് താഴെയുള്ള ഖുർആനിക സൂക്തം നമ്മെ ബോധ്യപ്പെടുത്തുന്നത്.

وَلَا تَمُدَّنَّ عَيْنَيْكَ إِلَى مَا مَتَّعْنَا بِهِ أَزْوَاجًا مِّنْهُمْ زَهْرَةَ الْحَيَاةِ الدُّنيَا لِنَفْتِنَهُمْ فِيهِ وَرِزْقُ رَبِّكَ خَيْرٌ وَأَبْقَى [طه : 131].

അവരിൽ (മനുഷ്യരിൽ) പല വിഭാഗങ്ങൾക്ക് നാം ഐഹികജീവിതാലങ്കാരം അനുഭവിപ്പിച്ചതിലേക്ക് നിന്റെ ദൃഷ്ടികൾ നീ പായിക്കരുത്. അതിലൂടെ നാം അവരെ പരീക്ഷിക്കാൻ (ഉദ്ദേശിക്കുന്നു.) നിന്റെ രക്ഷിതാവ് നൽകുന്ന ഉപജീവനമാകുന്നു കൂടുതൽ ഉത്തമവും നിലനിൽക്കുന്നതും. (ത്വാഹ: 131)

മനുഷ്യരിൽ ചിലരുണ്ട്; തന്നേക്കാൾ ആസ്തികളും സമ്പത്തുകളുമുള്ള ആളുകളെ നിരീക്ഷിക്കുകയും തന്റെ സാമ്പത്തിക നിലയെ വിലയിരുത്തുകയും ചെയ്യുന്നവർ. എന്നിട്ട് നിരാശയിലകപ്പെടുന്നവർ. സത്യത്തിൽ, അവർ തങ്ങളുടെ താഴെയുള്ളവരിലേക്ക് നോക്കിയിരുന്നെങ്കിൽ അവരേക്കാളെത്രയോ സാമ്പത്തികാഭിവൃദ്ധിയിലാണ് തങ്ങൾ ജീവിക്കുന്നത് എന്ന് മനസ്സിലാക്കി ആശ്വസിക്കാൻ കഴിയുമായിരുന്നു. എന്നും മുകളിലുള്ളവരിലേക്ക് നോക്കി

ജീവിതനിലവാരത്തെ വിലയിരുത്തുന്നവരോട് നബി(സ്വ) പറഞ്ഞ ഉപദേശം എത്ര മഹത്തരമാണ്!

عن أبي هريرة رضي الله عنه قال: قال رسول الله صلى الله عليه وسلم ((انظروا إلى من هو أسفل منكم، ولا تنظروا إلى من هو فوقكم، فهو أجدر أن لا تزدروا نعمة الله عليكم)) مسلم

അബൂ ഹുറയ്റ(റ) നിവേദനം. നബി തിരുമേനി(സ്വ) അരുളി: നിങ്ങൾ നിങ്ങളേക്കാൾ താഴെയുള്ളവരിലേക്ക് നോക്കുക. നിങ്ങളുടെ മുകളിലുള്ളവരിലേക്ക് നോക്കാതിരിക്കുക. അല്ലാഹു നിങ്ങൾക്ക് ചൊരിഞ്ഞുതന്ന അനുഗ്രഹത്തെ കുറച്ചു കാണാതിരിക്കാൻ അതു നിങ്ങൾക്ക് ഉപകരിക്കും. (മുസ്‌ലിം)

**അയൽവാസിക്ക് നന്മചെയ്യുക; നിനക്ക് മുഅ്മിനാകാം**

നബി(സ്വ)യുടെ പഞ്ചപാഠങ്ങളിലെ മൂന്നാമത്തെ കാര്യം, നീ നിന്റെ അയൽവാസിക്ക് നന്മകൾ ചെയ്യുക, നിനക്ക് നിർഭയനായ വിശ്വാസിയാകാം എന്നതാണ്. ഖുർആനിക വചനത്തിന്റെ താത്പര്യമായിട്ടാണ് നബി(സ്വ) ഇത്തരമൊരുപദേശം നൽകിയത് എന്ന് കാണാനാകും. അല്ലാഹു പറഞ്ഞു:

وَاعْبُدُواْ اللّهَ وَلاَ تُشْرِكُواْ بِهِ شَيْئًا وَبِالْوَالِدَيْنِ إِحْسَانًا وَبِذِي الْقُرْبَى وَالْيَتَامَى وَالْمَسَاكِ يِنِ وَالْجَارِ ذِي الْقُرْبَى وَالْجَارِ الْجُنُبِ وَالصَّاحِبِ بِالجَنبِ وَابْنِ السَّبِيلِ وَمَا مَلَكَتْ أَيْمَانُكُمْ [النساء: 36].

നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ലനിലയിൽ വർത്തിക്കുക. (നിസാഅ്: 36)

ഇവ്വിഷയകമായി പ്രവാചക തിരുമേനിയിൽ നിന്നും ഉദ്ധൃതമായ മറ്റു ഹദീസുകൾ നിരവധിയാണ്. ഈയൊരുപദേശത്തിന്റെ പ്രാധാന്യമറിയാൻ ഓരോ ഹദീസുകളിലൂടെയും സഞ്ചരിക്കുന്നത് നന്നായിരിക്കും.

عن ابن عمر وعائشة رضي الله عنهما قالا : قال رسول الله صلى الله عليه وسلم ((ما زال جبريل يوصيني بالجار حتى ظننت أنه سيورثه)) متفق عليه

ഇബ്നു ഉമർ(റ), ആയിഷ(റ) എന്നിവർ നിവേദനം. നബി(സ്വ) പറയുകയുണ്ടായി: അയൽവാസിയോടുള്ള ബാധ്യതകളെ പറ്റി ജിബ്‌രീൽ(അ) പേർത്തുംപേർത്തും എന്നോടുപദേശിച്ചുകൊണ്ടിരുന്നു. എന്റെ അനന്തിരസ്വത്തിലും അയൽവാസിക്ക് അവകാശമുണ്ടാകുമൊ എന്ന് പോലും ഞാൻ കരുതുകയുണ്ടായി. (ബുഖാരി, മുസ്‌ലിം)

عَنْ أَبِي شُرَيْحٍ الْخُزَاعِيِّ ، أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ ((من كان يؤمن بالله واليوم الآخر فليحسن إلى جاره)) مسلم

അബൂ ശുറൈഹ് അൽ ഖുസാഈ(റ) നിവേദനം. നബിതിരുമേനി(സ്വ) അരുളി: അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഏതൊരാളും തന്റെ അയൽവാസിയോട് നന്മകൾ ചെയ്ത് ജീവിക്കട്ടെ. (മുസ്‌ലിം)

وقوله صلى الله عليه وسلم : وعن عمرو ابن العاص رضي الله عنهما عن النبي صلى الله عليه وسلم قال ((خير الأصحاب عند الله خيرهم لصاحبه، وخير الجيران عند الله خيرهم لجاره)) ترمذي

അംർ ബ്നുൽ ആസ് (റ) നിവേദനം. നബി(സ്വ) അരുളി: അല്ലാഹുവിങ്കൽ ഏറ്റവും നല്ല സ്നേഹിതന്മാർ, സ്വന്തം സ്നേഹിതനോട് നല്ലനിലയിൽ വർത്തിക്കുന്നവരാണ്. അല്ലാഹു

വിങ്കൽ ഏറ്റവും നല്ല അയൽവാസികൾ, അവരിലെ അയൽവാസികളോട് നന്നായി പെരുമാറു ന്നവരാണ്. (തിർമിദി)

അയൽക്കാരുമായുള്ള ബന്ധത്തിന്റെ മര്യാദകളാണ് ഈ ഹദീസുകളിലൂടെയെല്ലാം നാം മനസ്സിലാക്കുന്നത്. അടുത്ത വീട്ടുകാരന് ഗുണംചെയ്യാൻ ആകുന്നില്ലെങ്കിൽ അവനെ ഉപദ്രവി ക്കാതിരിക്കാനെങ്കിലും ശ്രദ്ധിക്കണം. അയൽ വാസിയെ ദ്രോഹിക്കുന്നത് നിഷിദ്ധമാണെന്ന് നാം മനസ്സിലാക്കിയിട്ടുള്ളതാണ്. അവന്റെ യാതൊരവകാശവും ഹനിക്കപ്പെടാതിരിക്കാൻ ഏറെ ജാഗ്രത കാണിക്കണം ഒരു വിശ്വാസി. നബിതിരുമേനിയുടെ ഒരു ഹദീസ് കാണുക:

عن ابن مسعود عن النبي صلى الله عليه وسلم أنه سئل : ((أي الذنب أعظم؟ قال : ((أن تجعل لله ندا وهو خلقك))، قيل: ثم أي؟، قال: أن تزاني حليلة جارك)) متفق عليه

ഇബ്നു മസ്ഊദ്(റ) നിവേദനം. നബി(സ്വ)യോട് ഒരിക്കലൊരാൾ ചോദിച്ചു: ഏതാണ് റസൂലേ ഏറ്റവും വലിയ പാപം? തിരുമേനിയരുളി: നിന്നെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നീ സമന്മാരെയുണ്ടാക്കുക എന്നതാണ്. അദ്ദേഹം ചോദിച്ചു: പിന്നെ ഏതാണ് റസൂലേ? അവിടുന്ന് പറഞ്ഞു: നിന്റെ അയൽവാസിയുടെ ഭാര്യയെ വ്യഭിചരിക്കലാണ്. (ബുഖാരി, മുസ്ലിം)

ഗൗരവമാർന്ന മറ്റൊരു നബി വചനം കാണുക.

عن المقداد بن الأسود قال : قال رسول الله صلى الله عليه وسلم : ((ما تقولون في الزنا؟)) قالوا : حرام، حرّمه الله ورسوله فهو حرام إلى يوم القيامة . فقال رسول الله صلى الله عليه وسلم : ((لأن يزني الرجل بعشر نسوة أيسر عليه من أن يزني بامرأة جاره ))، قال : ((فما تقولون في السرقة؟)) قالوا : حرام، حرمها الله ورسوله فهي حرام، قال : ((لأن يسرق الرجل من عشرة أبيات أيسر عليه من أن يسرق من بيت جاره)) أحمد

മിഖ്ദാദ് ബ്നു അസ്‌വദ് നിവേദനം. ഒരിക്കൽ സ്വഹാബികളോടായി നബി(സ്വ) ചോദിച്ചു: വ്യഭിചാരത്തെപ്പറ്റി നിങ്ങളെന്തു പറയുന്നു? അവർ പറഞ്ഞു: നിഷിദ്ധമാണത്. അല്ലാഹുവും അവന്റെ റസൂലും അതിനെ അന്ത്യനാൾവരെ ഹറാമെന്ന് വിധിച്ചിരിക്കുന്നു. തിരുമേനി പറഞ്ഞു: (അറിയുക) പത്തു പെണ്ണുങ്ങളെ ഒരാൾ വ്യഭിചരിക്കുന്നത് തന്റെ അയൽ വാസിനിയായ പെണ്ണിനെ വ്യഭിചരിക്കുന്നതിനേക്കാൾ നിസ്സാരമാണ്. വീണ്ടും നബി(സ്വ) ചോദിച്ചു: മോഷണത്തെപ്പറ്റി നിങ്ങളെന്തു പറയുന്നു? അവർ പറഞ്ഞു: നിഷിദ്ധമാണത്. അല്ലാഹുവും അവന്റെ റസൂലും അതിനെ ഹറാമെന്ന് വിധിച്ചിരിക്കുന്നു. തിരുമേനി പറഞ്ഞു: (അറിയുക) പത്തു വീടുകളിൽ നിന്ന് ഒരാൾ മോഷണം നടത്തുന്നത് തന്റെ അയൽ വാസിയുടെ വീട്ടിൽ നിന്ന് മോഷണം നടത്തുന്നതിനേക്കാൾ നിസ്സാരമാണ്. (അഹ്മദ്)

അടുത്ത വീട്ടുകാരനെ ഏതു നിലക്ക് ദ്രോഹിക്കുന്നതും മറ്റാരെ ദ്രോഹിക്കുന്നതിനേക്കാളും ഗൗരവമുള്ളതാണ് എന്ന പാഠമാണ് ഈ ഹദീസ് നമുക്ക് നൽകുന്നത്. അയൽപക്ക ബന്ധങ്ങളുടെ പ്രാധാന്യത്തെ കണിക്കിലെടുക്കാത്ത, അവരുടെ ക്ഷേമൈശ്വര്യങ്ങളിൽ താത്പര്യം കാട്ടാത്ത എത്രയോ ആളുകളുണ്ട്. തന്നിലൂടെ തന്റെ അയൽവാസികൾക്ക് ഏതെങ്കിലും വിധത്തിലുള്ള പ്രശ്നങ്ങളുണ്ടാകുന്നുണ്ടോ എന്നു പോലും ചിന്തിക്കാതെ ജീവിക്കുന്നവർ. അത്തരക്കാരെ ഉദ്ദേശിച്ചു കൊണ്ട് നബി(സ്വ) പറഞ്ഞു:

عن أبي شريح عن النبي صلى الله عليه وسلم قال : ((والله لا يؤمن، والله لا يؤمن، والله لا يؤمن )) قيل: من يا رسول الله؟ قال: ((من لا يأمن جاره بوائقه)) البخاري

അബൂ ശുറൈഹ്(റ) നിവേദനം. പ്രവാചകൻ (സ്വ) അരുളി: അവൻ വിശ്വാസിയാവുകയില്ല, അവൻ വിശ്വാസിയാവുകയില്ല, അവൻ വിശ്വാസിയാവുകയില്ല. ഒരാൾ ചോദിച്ചു: അല്ലാഹു വിന്റെ റസൂലേ ആരാണത്? ആരുടെ ഉപദ്രവങ്ങളിൽ നിന്ന് അയൽവാസി സുരക്ഷിതനല്ലയോ, അവൻ. (ബുഖാരി)

عن أبي هريرة عن النبي صلى الله عليه وسلم قال: ((لا يدخل الجنة من لا يأمن جاره بوائقه)) مسلم

അബൂ ഹുറയ്റ(റ) നിവേദനം. നബി തിരുമേനി(സ്വ) അരുളി: ആരുടെ ഉപദ്രവങ്ങളിൽ നിന്ന് അയൽവാസി സുരക്ഷിതനല്ലയൊ, അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല. (മുസ്‌ലിം)

അയൽക്കബന്ധങ്ങൾ സുദൃഢമാക്കാനുള്ള നിർദ്ദേശങ്ങളും മാർഗങ്ങളും നബി(സ്വ) തന്റെ അനുചരന്മാർക്ക് നൽകിയിട്ടുണ്ട്. അന്യോന്യം സമ്മാനങ്ങൾ കൈമാറുന്നതും, ഭക്ഷണ വിഭവങ്ങൾ പങ്കുവെക്കുന്നതുമൊക്കെ അതിനുള്ള മാധ്യമങ്ങളായി പ്രവാചകൻ അരുളി യിട്ടുണ്ട്.

عن أبي هريرة عن النبي صلى الله عليه وسلم قال : ((تهادوا تحابوا)) بيهقي

അബൂ ഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: നിങ്ങൾ സമ്മാനങ്ങൾ കൈമാറുക, പരസ്പം സ്നേഹബന്ധത്തിൽ ജീവിക്കാം (ബൈഹഖി)

عن أبي هريرة قال: قال رسول الله صلى الله عليه وسلم : ((يا نساء المؤمنات لا تحقرن جارة لجارتها ولو فرسن شاة)) (متفق عليه)

അബൂ ഹുറയ്റ(റ) നിവേദനം. നബി(സ്വ) അരുളി: സത്യവിശ്വാസിനികളേ, ഒരു അയൽവാസി നിയും തന്റെ അയൽവാസിനിയെ അവഗണിക്കരുത്. ആട്ടിന്റെ കുളമ്പിനാലുണ്ടാക്കിയ കറികൊണ്ടാണെങ്കിലും അവരെ പരിഗണിക്കുക. (ബുഖാരി, മുസ്‌ലിം)

وعن أبي ذر قال: قال رسول الله صلى الله عليه وسلم : ((يا أبا ذر، إذا طبخت مرقة فأكثر ماءها، وتعاهد جيرانك منها)) مسلم

അബൂ ദർറ്(റ) നിവേദനം. നബി(സ്വ) അരുളി: അബൂ ദർറേ, കറിയുണ്ടാക്കുമ്പോൾ ചാറ് അധികമുണ്ടാക്കുക. അതിൽ നിന്ന് നൽകിക്കൊണ്ട് നിന്റെ അയൽവാസിയെ നീ പരിഗണി ക്കുക. (മുസ്‌ലിം)

وعن عائشة رضي الله عنها قالت : قلت يا رسول الله ! إن لي جارين، فإلى أيهما أهدي؟ قال: ((إلى أقربهما منك بابا)) البخاري

ആയിഷ(റ) നിവേദനം. അവർ നബിതങ്ങളോട് ചോദിച്ചു: റസൂലേ, എനിക്ക് രണ്ട് അയൽ വാസികളുണ്ട്. അവരിൽ ആർക്കാണ് ഞാൻ വിഭവങ്ങൾ നൽകേണ്ടത്? നബി(സ്വ) അരുളി: അവരിൽ ആരുടെ വീടാണൊ നിന്റെ വാതിലിനോട് സമീപസ്ഥമായിട്ടുള്ളത് അവർക്ക്. (ബുഖാരി)

**നിനക്കാഗ്രഹിക്കുന്നവ മറ്റുള്ളവർക്കും ആഗ്രഹിക്കുക**

നബി(സ്വ) നമ്മെ പഠിപ്പിച്ച നാലാമത്തെ കാര്യമാണിത്. അഥവാ നിനക്കുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന നേട്ടങ്ങൾ അന്യർക്കും ഉണ്ടാകണമെന്ന് ആശിക്കുക, നിനക്ക് സുരക്ഷിതനായ മുസ്‌ലിമാകാം എന്ന ഉപദേശം. സ്വർഗ പ്രവേശനത്തിനുതകുന്ന മഹിത സ്വഭാവമായിട്ടാണ് നബി തിരുമേനി(സ്വ) ഈ മനോവികാരത്തെ പഠിപ്പിച്ചിട്ടുള്ളത്. ഒരു ഹദീസ് കാണുക:

عن عبد الله بن عمرو بن العاص عن النبي صلى الله عليه وسلم قال : ((من أحب أن يزحزح عن النار ويدخل الجنة فلتدركه منيته وهو مؤمن بالله واليوم الآخر، وليأت إلى الناس الذي يحب أن يؤتى إليه)) مسلم

നബി(സ്വ) അരുളി: നരകത്തിൽ നിന്ന് അകറ്റപ്പെടണമെന്നും സ്വർഗത്തിൽ പ്രവേശിപ്പി ക്കപ്പെടണമെന്നും കൊതിക്കുന്നവൻ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന നിലയിൽ അവനെ മരണം പ്രാപിക്കട്ടെ, തനിക്ക് നൽകപ്പെടാൻ ആഗ്രഹിക്കുന്നവ ജനങ്ങൾക്കു നൽകാനും അവൻ തയ്യാറാകട്ടെ. (മുസ്‌ലിം)

സുപ്രധാനമായ രണ്ടു കാര്യങ്ങളാണ് സ്വർഗപ്രവേശനത്തിനും നരകമുക്തിക്കുമായി റസൂലുല്ലാഹ് പറഞ്ഞുതരുന്നത്. 1. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന നിലയിൽ

മരിക്കാനാവുക. 2. അന്യജനങ്ങളെ ഉപകാരങ്ങൾ നൽകി പരിഗണിക്കുക. ചതിയും, വഞ്ചനയും പകയും, അസൂയയും മനസ്സിൽ കുടികൊള്ളാത്ത ഒരാൾക്കു മാത്രമേ റസൂൽ(സ്വ) സൂചിപ്പിച്ച ഈ നിലവാരത്തിലേക്കുയരാൻ സാധിക്കൂ. അന്യർക്ക് നന്മയുണ്ടാകണമെന്ന് ആഗ്രഹിക്കാതിക്കുക മാത്രമല്ല, അവർക്കുള്ള നന്മകളിൽ അസ്ക്യത പ്രകടിപ്പിക്കുകകൂടി ചെയ്യുന്ന ചില ആളുകളുണ്ട്. അസൂയ പതഞ്ഞൊഴുകുന്ന മനസ്സിന്റെ ഉടമകളാണ് അത്തര ക്കാർ. തന്റെ സാമ്പത്തിക നിലവാരത്തിനുമീതെ വേറൊരാളും ഉയരരുത് എന്നും, താനായിരിക്കണം എപ്പോഴും ആരുടേയും മീതെ എന്നുമുള്ള ചിന്ത മുസ്‌ലിമിന് നല്ലതല്ല. അല്ലാഹുവിൽ നിന്നും അനുഗ്രഹമായി ലഭിക്കുന്ന വിഭവങ്ങൾ ആവശ്യക്കാരുമായി പങ്കുവെ ക്കാനുള്ള മാനസികവിശാലത മുഅ്മിനുകൾക്കു മാത്രമുള്ള പ്രത്യേകതയാണ്. ഒരു പ്രവാചക വ ചനം ശ്രദ്ധിക്കുക:

عن النعمان بن بشير رضي الله عنه عن النبي صلى الله عليه وسلم قال : ((مثل المؤمنين في توادهم وتعاطفهم وتراحمهم مثل الجسد إذا اشتكى منه عضو تداعى له سائر الجسد بالحمى والسهر)) البخاري ومسلم

നുഅ്മാൻ ബ്നു ബശീർ(റ) നബി(സ്വ)യിൽ നിന്ന് നിവേദനം. തിരുമേനി അരുളി: പരസ്പരം സ്നേഹവും, അനുകമ്പയും, കാരുണ്യവും കൈമാറുന്നതിൽ മുഅ്മിനുകളുടെ ഉദാഹരണം ഒരു ശരീരമാണ്. ശരീരത്തിലെ ഒരു അവയവത്തിന് ആധി ബാധിച്ചാൽ അതിലെ മറ്റു അവയവങ്ങൾ പനിപിടിച്ചും, ഉറക്കമൊഴിച്ചും അതിനോട് പങ്കുചേരും. (ബുഖാരി, മുസ്‌ലിം)

ചുരുക്കത്തിൽ, ഓരോ വിശ്വാസിയും അവനവന്റെ ജീവിതത്തിലുണ്ടാകാൻ ആശിക്കുന്ന നന്മകൾ മറ്റു വിശ്വാസികൾക്കും ഉണ്ടായിക്കാണാൻ ആശിക്കുകയും, അതിന് സഹായകമായ സേവനങ്ങൾ നിർവഹിക്കാൻ സന്നദ്ധമാവുകയും വേണം. സഹോദരങ്ങളുടെ ജീവതത്തിൽ അവർക്കനുഗുണമല്ലാത്ത സ്വഭാവങ്ങളോ പെരുമാറ്റങ്ങളൊ, നിലപാടുകളൊ കാണുകയാ ണെങ്കിൽ അവയെ തിരുത്താനും വിശ്വാസികൾ ശ്രദ്ധിക്കണം. മറ്റുള്ളവരിൽ കാണപ്പെടുന്ന നല്ല ഗുണങ്ങൾ തനിക്കും ഉണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നത് തെറ്റല്ല. അങ്ങനെ വേണമെന്നതാണ് ഇസ്‌ലാമിന്റെ നിർദ്ദേശം. പ്രത്യക്ഷത്തിൽ അത് അസൂയയുടെ പരിധിയിൽ വരുമെങ്കിലും ഉദ്ദേശ്യശുദ്ധിയെ പരിഗണിച്ച് അനുവദനീയമായിത്തീരുന്നതാണ്. നബി(സ്വ) പറഞ്ഞു:

عن عبد الله بن مسعود رضي الله عنه قال : قال رسول الله صلى الله عليه وسلم : ((لا حسد إلا في اثنتين : رجل آتاه الله مالا فسلّطه على هلكته في الحق، ورجل آتاه الله حكمة فهو يقضي بها ويعلمها )) متفق عليه

അബ്ദുല്ലാഹ് ബ്നു മസ്ഊദ്(റ) നിവേദനം. അല്ലാഹുവിന്റെ റസൂൽ(സ്വ) അരുളി: രണ്ട് വ്യക്തികളോടല്ലാതെ അസൂയ പാടില്ല. 1. അല്ലാഹുവിൽ നിന്ന് സമ്പത്ത് ലഭിക്കുകയും അതിനെ സത്യത്തിന്റെ മാർഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്ന ഒരു വ്യക്തി. 2. അല്ലാഹു വിജ്ഞാനം നൽകുകയും ആ വിജ്ഞാനമനുസരിച്ച് ജീവിക്കുകയും അതിനെ മറ്റുള്ളവർക്ക് പഠിപ്പിക്കുയും ചെയ്യുന്ന വ്യക്തി. (ബുഖാരി, മുസ്ലിം)

ദൈവികാനുഗ്രഹങ്ങളെ അല്ലാഹുവിന്റെ പ്രീതിക്കായി ചെലവഴിക്കുന്നവനോട് അസൂയ വെക്കുന്ന ഒരാളുടെ മനോഗതി, തനിക്കും അവനെപ്പോലെ സാമ്പത്തിക കഴിവുണ്ടായിരുന്നു വെങ്കിൽ ദൈവമാർഗത്തിൽ ചെലവഴിച്ച് അല്ലാഹുവിന്റെ പ്രീതി നേടാമല്ലോ എന്നതായിരിക്കും. ലഭിച്ച അറിവനുസരിച്ച് ജീവിക്കുകയും ആ അറിവ് മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയും ചെയ്യുന്നവനോടുള്ള അസൂയയും മറ്റൊന്നല്ല. തനിക്കും കൂടുതൽ അറിവുനേടാനായിരുന്നു വെങ്കിൽ അല്ലാഹുവിൽനിന്ന അവൻ കൈവരിക്കുന്ന നേട്ടങ്ങൾ തനിക്കും കൈവരിക്കാനാ കുമല്ലൊ എന്ന നല്ലചിന്തയായിരിക്കും അത്. രണ്ടും അപരന്റെ നേട്ടങ്ങളോടുള്ള അസ്ക്യത യല്ല, മറിച്ച് അവന്റെ നല്ലഗുണങ്ങൾ തനിക്കും ലഭിക്കാനായിരുന്നെങ്കിൽ എന്ന പ്രത്യാശ മാത്രമാണ്. അതു കൊണ്ടു തന്നെ ആ വികാരം നല്ലതുമാണ്.

എന്നാൽ സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന ആളുകളുടെ ആസ്തിവഹകളിൽ അത്യാഗ്രഹം കാണിക്കുന്നത് ഇസ്‌ലാം വെറുക്കുന്ന കാര്യമാണ്. ഖുർആനത് വ്യക്തമാക്കുന്നത് കാണുക:

وَلاَ تَتَمَنَّوْاْ مَا فَضَّلَ اللّهُ بِهِ بَعْضَكُمْ عَلَى بَعْضٍ [النساء:32].

നിങ്ങളിൽ ചിലർക്ക് ചിലരെക്കാൾ കൂടുതലായി അല്ലാഹു നൽകിയ അനുഗ്രഹങ്ങളോട് നിങ്ങൾക്ക് മോഹം തോന്നരുത്. (നിസാഅ്: 32)

ആർക്ക് അധികം നൽകണം, ആർക്ക് അളന്നു നൽകണം എന്ന തീരുമാനം അല്ലാഹുവിന്റേതാണ്. നൽകുന്നതും നൽകാതിരിക്കുന്നതും മനുഷ്യരിൽ അല്ലാഹു നടത്തുന്ന പരീക്ഷണമാണ് എന്ന് വിശ്വാസികൾ തിരിച്ചറിയണം. പക്ഷെ, ധനികരേയും അവരുനുഭവിക്കുന്ന ഭൗതികാലങ്കാരങ്ങളേയും നോക്കി നെടുവീർപ്പിടുന്ന ചിലരെങ്കിലും നമ്മുടെ ചുറ്റുഭാഗത്തുമുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്. അത്തരമൊരനുഭവം ഖുർആൻ നാമുമായി പങ്കുവെക്കുന്നുണ്ട്. മൂസാനബിയുടെ കാലത്തുണ്ടായിരുന്ന ധനാഢ്യനായ ഖാറൂനിനെപ്പറ്റി പ്രസ്താവിക്കുന്നിടത്ത് നമുക്കത് വായിക്കാനാകും.

فَخَرَجَ عَلَى قَوْمِهِ فِي زِينَتِهِ قَالَ الَّذِينَ يُرِيدُونَ الْحَيَاةَ الدُّنيَا يَا لَيْتَ لَنَا مِثْلَ مَا أُوتِيَ قَا رُونُ إِنَّهُ لَذُو حَظٍّ عَظِيمٍ

[القصص: 79].

അങ്ങനെ അവൻ (ഖാറൂൻ) ജനമദ്ധ്യത്തിലേക്ക് ആർഭാടത്തോടെ ഇറങ്ങി പുറപ്പെട്ടു. ഐഹികജീവിതം ലക്ഷ്യമാക്കുന്നവർ അത് കണ്ടിട്ട് ഇപ്രകാരം പറഞ്ഞു: ഖാറൂന് ലഭിച്ചത് പോലുള്ളത് ഞങ്ങൾക്കുമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. തീർച്ചയായും അവൻ വലിയ ഭാഗ്യമുള്ളവൻ തന്നെ! (ഖസസ്: 79)

സത്യത്തിൽ ഖാറൂനിന് നൽകപ്പെട്ട വിഭവശേഖരവും അലങ്കാരാദികളും അല്ലാഹുവിൽ നിന്നുള്ള പരീക്ഷണമായിരുന്നു. അവൻ അഹങ്കരിക്കുന്നുവൊ വിനയം കാണിക്കുന്നുവൊ എന്നറിയാനുള്ള പരീക്ഷണം. പക്ഷെ, അതറിയാത്ത പാവപ്പെട്ടവർ അവനെപ്പോലെ ഞങ്ങൾക്കും സമ്പത്തുണ്ടായിരുന്നെങ്കിൽ എന്ന് കൊതിച്ചു പോവുകയാണ്. അത് തെറ്റായിരുന്നുവെന്ന് അവർ മനസ്സിലാക്കുന്നതാകട്ടെ ഖാറൂനിന്റെ മേൽ ദൈവികശിക്ഷ വന്നു ഭവിച്ചതിന് ശേഷവും! ഖുർആൻ അത് ഇങ്ങനെ വ്യക്തമാക്കുന്നു:

وَأَصْبَحَ الَّذِينَ تَمَنَّوْا مَكَانَهُ بِالْأَمْسِ يَقُولُونَ وَيْكَأَنَّ اللَّهَ يَبْسُطُ الرِّزْقَ لِمَن يَشَاء مِنْ عِبَادِهِ وَيَقْدِ رُ لَوْلَا أَن مَّنَّ اللَّهُ عَلَيْنَا لَخَسَفَ بِنَا وَيْكَأَنَّهُ لَا يُفْلِحُ الْكَافِرُونَ [القصص: 82]

ഇന്നലെ അവന്റെ സ്ഥാനം കൊതിച്ചിരുന്നവർ (ഇന്ന്) ഇപ്രകാരം പറയുന്നവരായിത്തീർന്നു: അഹോ! കഷ്ടം! തന്റെ ദാസൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു ഉപജീവനം വിശാലമാക്കികൊടുക്കുകയും, (താൻ ഉദ്ദേശിക്കുന്നവർക്ക് അതു) ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. ഞങ്ങളോട് അല്ലാഹു ഔദാര്യം കാണിച്ചിരുന്നില്ലെങ്കിൽ ഞങ്ങളെയും അവൻ ആഴ്ത്തിക്കളയുമായിരുന്നു. അഹോ, കഷ്ടം! സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല. (ഖസസ്: 82)

അപ്പോൾ സംഗതി വ്യക്തമാണ്. കിട്ടിയതിൽ സന്തോഷിക്കുക, അന്യരുടെ സാമ്പത്തിക നിലയിൽ അസൂയപ്പെടാതിരിക്കുക. തനിക്കാശിക്കുന്ന നല്ലകാര്യങ്ങൾ സഹോദരങ്ങൾക്കുണ്ടാകാൻ ആശംസിക്കുക. സഹായങ്ങൾ പരസ്പരം കൈമാറി സാഹോദര്യബന്ധം കാത്തുസൂക്ഷിക്കുക. എങ്കിൽ സുരക്ഷിതനായ ഒരു മുസ്‌ലിമായി ജീവിക്കാൻ പടച്ചതമ്പുരാൻ നമുക്ക് തൗഫീഖ് നൽകും.

**ചിരി അധികരിപ്പിക്കരുത്**

നാലു നന്മകളും അത് പ്രാവർത്തികമാക്കുന്നതു മുഖേന ലഭ്യമാകുന്ന നാലു ഗുണങ്ങളുമാണ് പ്രവാചക ഹദീസ് ഇതുവരെ ചർച്ച ചെയ്തത്. അഞ്ചാമത്തെ പാഠമായി പ്രവാചകൻ(സ്വ) പഠിപ്പിക്കുന്നത്, നിങ്ങൾ ചിരി അധികരിപ്പിക്കരുത്, അതിരുവിട്ട ചിരി മനസ്സിനെ മരിപ്പിച്ചു കളയും എന്നാണ്. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവപ്പെട്ട ഉപദേശമാണ് ഇത്. മനസ്സ് മരിച്ചു കഴിഞ്ഞാൽ അന്ധകാരജീവിതത്തിന് തുല്യമാണത്. ഒരു മൃതശരീരത്തെപ്പോലെ ഉപകാരരഹിതമായിത്തീരുമത്. ഒരു നന്മയും അതിൽ നിന്നുണ്ടാകില്ല. ഒരു തിന്മയേയും അതിന് പ്രതിരോധിക്കാൻ കഴിയില്ല. സജീവമായി, ശോഭയോടെ നിൽക്കുന്ന മനസ്സ് സർവ ഗുണങ്ങളുടേയും ഉറവിടമാണ്. മരിച്ച, അന്ധകാരം നിറഞ്ഞ മനസ്സാകട്ടെ തിന്മകളെയല്ലാതെ ഉദ്പാദിപ്പിക്കുകയില്ല. ചിന്തയും വിവേകവും നന്മകളിലേക്കുള്ള ഉത്തേജനവും ലഭിക്കണമെങ്കിൽ നമ്മുടെ മനസ്സുകൾ മലിനമാകാതെ മരിക്കാതെ നിലകൊള്ളണം. എന്നും ചിരിയിലും കളിതമാശകളിലും ജീവിതത്തെ പിടിച്ചു നിർത്തുന്ന മാനസികാവസ്ഥ

നമ്മെ നാശത്തിലേക്ക് കൊണ്ടെത്തിക്കും എന്നതിൽ സംശയമില്ല. സ്വർഗം ലക്ഷ്യമായി ക്കാണുന്ന സത്യവിശ്വാസികൾക്ക് ജീവിതത്തിൽ നിന്ന് ഒരു നിമിഷം പോലും പാഴായിപ്പോ കുന്നത് സഹിക്കാനാകില്ല.

മരണത്തെയോർക്കേണ്ടതിന്റെ പ്രാധാന്യം പഠിപ്പിച്ച റസൂൽ(സ്വ), ഞാൻ അറിയുന്ന ഗൗരവ മുള്ള ചില കാര്യങ്ങൾ നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ, അല്പം മാത്രമേ നിങ്ങൾ ചിരിക്കുമാ യിരുന്നുള്ളൂ, അധിക സമയവും നിങ്ങൾ കരയുകയായിരിക്കും എന്ന് സ്വഹാബത്തിനെ ഓർമ്മിപ്പിച്ചതായി കാണാം.

ചിരിക്കരുത് എന്നല്ല നബി(സ്വ) പറഞ്ഞിട്ടുള്ളത്. ജീവിതത്തിൽ സന്തോഷിക്കാതിരിക്കാനും ചിരിക്കാതിരിക്കാനും ആർക്കുമാവില്ല. പ്രവാചക തിരുമേനിയും ചിരിക്കാറുണ്ടായിരുന്നു. കുടുംബത്തോടൊപ്പം സ്വഹാബത്തിനോടൊപ്പം ചെലവഴിച്ച സമയങ്ങളിൽ സന്തോഷകരമായ ചുറ്റുപാടുകളിൽ അവിടുന്ന് ആനന്ദിച്ചു ചിരിച്ചിട്ടുണ്ട്. എന്നാൽ തിരുമേനിയുടേത് അധികവും പുഞ്ചിരിയായിരുന്നു എന്നു മാത്രം. നബി(സ്വ) പൊട്ടിച്ചിരിച്ച ഒരു സംഭവം മഹാനായ സഅദ്ബ്നു അബീവഖാസ്(റ) വിശദീകരിച്ചത് സ്വഹീഹ് മുസ്ലിമിൽ കാണാം. മറ്റൊരു സംഭവം കാണുക:

عن عبد الله بن مسعود قال : قال النبي صلى الله عليه وسلم : ((إني لأعلم آخر أهل النار خروجا منها، و آخر أهل الجنة دخولا، رجل يخرج من النار حبوا، فيقول الله له : اذهب فادخل الجنة، فيأتيها فيخيّل إليه أنها ملأى، فيرجع فيقول : يا رب ! وجدتها ملأى، فيقول : اذهب فادخل الجنة، فيأتيها فيخيّل إليه أنها ملأى، فيرجع فيقول: يا رب ! وجدتها ملأى، فيقول: اذهب فادخل الجنة، فإن لك الدنيا وعشرة أمثالها، فيقول : تسخر مني، أو: تضحك مني وأنت الملك؟ فلقد رأيت رسول الله صلى الله عليه وسلم ضحك حتى بدت نواجذه، وكان يقال : ذلك أدنى أهل الجنة منزلا)) متفق عليه

അബ്ദുല്ലാഹ് ബ്നു മസ്ഊദ്(റ) നിവേദനം. നബി(സ്വ) അരുളുന്നു: നരകവാസികളിൽ നിന്ന് അവസാനമായി പുറത്തെടുക്കപ്പെടുന്നവൻ ആരാണെന്നും സ്വർഗത്തിൽ അവസാനമായി പ്രവേശിക്കുന്നവനാരാണെന്നും എനിക്കറിയാം. ഒരാൾ നരകത്തിൽ നിന്ന് ഇഴഞ്ഞ്കൊണ്ട് പുറത്ത് വരും. അപ്പോൾ അല്ലാഹു അവനോട് പറയും: നീ ചെന്ന് സ്വർഗത്തിൽ പ്രവേശി ക്കുക. അവൻ അവിടെ ചെന്നു നോക്കുമ്പോൾ സ്വർഗം നിറഞ്ഞതായി തോന്നിക്കപ്പെടും. അപ്പോഴവൻ അവിടെ നിന്നും തിരിച്ചു വന്ന് കൊണ്ട് പറയും: രക്ഷിതാവേ, അത് മുഴുവൻ നിറഞ്ഞതായി ഞാൻ കാണുന്നുവല്ലോ? അപ്പോൾ അവനോട് അല്ലാഹു പറയും: നീ ചെന്ന് സ്വർഗത്തിൽ പ്രവേശിക്കുക. അവൻ അവിടെ ചെന്നു നോക്കുമ്പോൾ സ്വർഗം നിറഞ്ഞതായിത്തന്നെ തോന്നിക്കപ്പെടും. അപ്പോഴവൻ അവിടെ നിന്നും തിരിച്ചുവന്ന് പറയും: രക്ഷിതാവേ, അത് മുഴുവൻ നിറഞ്ഞതായിത്തന്നെ ഞാൻ കാണുന്നു. അപ്പോൾ അല്ലാഹു പറയും: ചെല്ല്, നീ ചെന്ന് സ്വർഗത്തിൽ പ്രവേശിക്ക്, നിനക്കവിടെ ദുനിയാവും അതിന്റെ പത്തിരട്ടിയുമുണ്ട്. ആ സമയം അവൻ പറയും: പടച്ചവനേ, നീ രാജാധിപനല്ലേ, എന്നെ നീ കളിയാക്കി ചിരിക്കുകയാണൊ? ഇതും പറഞ്ഞ് പ്രവാചക തിരുമേനി(സ്വ) തന്റെ അണപ്പല്ലുകൾ കാണുമാറ് പൊട്ടിച്ചിരിച്ചു. സ്വർഗവാസികൾക്ക് ലഭിക്കുന്ന ഏറ്റവും താഴ്ന്ന പദവിയാണ് അത് എന്ന് പറയപ്പെട്ടിരിക്കുന്നു. (ബുഖാരി, മുസ്ലിം)

മുകളിൽ പ്രസ്താവിച്ചതുപോലെ, പ്രവാചക തിരുമേനി(സ്വ) സാധാരണയായി പൊട്ടിച്ചിരിക്കാറില്ല, പുഞ്ചിരിക്കാറേയുള്ളൂ. അതാണ് അവിടുത്തെ സമ്പ്രദായം.

عن سماك بن حرب قال: قلت لجابر بن سمرة : أكنت تجالس رسول الله صلى الله عليه وسلم ؟ قال : نعم، كثيرا كان لا يقوم من مصلاه الذي يصلي فيه الصبح أو الغداة حتى تطلع الشمس، فإذا طلعت الشمس قام، وكانوا يتحدثون فيأخذون في أمر الجاهلية فيضحكون ويبتسم (مسلم)

സമാക്ക് ബ്നു ഹർബ് (റ) പറയുകയാണ്. ഞാനൊരിക്കൽ ജാബിർ ബ്നു സംറ(റ)യോട് ചോദിച്ചു: നിങ്ങൾ നബിയോടൊപ്പം വർത്തമാനം പറഞ്ഞ് ഇരിക്കാറില്ലെ. അദ്ദേഹം പറഞ്ഞു: ധാരാളം ഇരിന്നിട്ടുണ്ട്. സുബഹ് നമസ്കാരം കഴിഞ്ഞ് സൂര്യോദയ സമയം വരെ പ്രവാചകൻ നമസ്കാര സ്ഥലത്തു തന്നെ ഇരിക്കും. ആ സമയം സ്വഹാബികൾ ജാഹിലിയ്യാ കാലത്തെ ചിലസംഭവങ്ങൾ എടുത്തു പറഞ്ഞു കൊണ്ട് പരസ്പരം ചിരിക്കാറുണ്ട്, നബി(സ്വ)യാകട്ടെ പുഞ്ചിരിതൂകുന്നുണ്ടാകും. (മുസ്ലിം)

ദൈനംദിന ജീവിതത്തിലെ ആനന്ദമുണ്ടാകുന്ന വേളകളിൽ ചിരിക്കുന്നതും സന്തോഷം പ്രകടിപ്പിക്കുന്നതും തെറ്റല്ല എന്നാണ് മുകളിൽ പ്രസ്താവിക്കപ്പെട്ട ഹദീസുകളിൽ നിന്ന് നാം മനസ്സിലാക്കുന്നത്. മാത്രമല്ല, പുഞ്ചിരിതൂകുന്ന മുഖമാണ് വിശ്വാസിക്ക് എപ്പോഴുമുണ്ടാകുന്നത് എന്ന് റസൂൽ (സ്വ) തന്നെ പഠിപ്പിച്ചു തന്നിട്ടുള്ളതാണ്. പുഞ്ചിരി സൽകർമ്മമാണ്. ഒരൊറ്റ സൽപ്രവർത്തനത്തേയും നീ നിസ്സാരമായി കാണരുത്, പ്രസന്നവദനനായി നിന്റെ സഹോദരനെ നീ അഭിമുഖീകരിക്കുന്നതിനെപ്പോലും (മുസ്ലിം) എന്ന് അബൂദർറി(റ)ന് ലഭിച്ച പ്രവാചകോപദേശം സുവിദിതമാണല്ലൊ.

മനുഷ്യ പ്രകൃതിയെ അംഗീകരിക്കുന്ന മതമാണ് ഇസ്ലാം. അവന്റ പ്രകൃതിക്ക് ഇണങ്ങുന്നതും, ജീവിതത്തിന് ഉതകുന്നതുമായ എല്ലാം ഇസ്ലാം വകവെച്ചു നൽകിയിട്ടുണ്ട്. ഏതൊരു കാര്യത്തിലും ലക്ഷ്യവും ധർമ്മവും മറന്നു കൊണ്ടുള്ള അതിരുകവിയൽ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുള്ളതു പോലെ ചിരിയുടേയും കളിതമാശകളുടേയും കാര്യത്തിലും ഇസ്ലാം നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് മാത്രം. വിശാലമായ ഭൂമിയും, സുഭിക്ഷമായ ഭക്ഷണവും, ആരോഗ്യവും, ഒഴിവു സമയവുമൊക്കെ അനുഭവിച്ചിട്ട് പരലോകത്തെത്തുന്ന വേളയിൽ ആളുകൾ കൈകടിക്കാതിരിക്കാനുള്ള ഉപദേശങ്ങളാണ് അതൊക്കെ. വിവേകികൾ അവ മനസ്സിലാക്കിയാകും പെരുമാറുക.

സത്യവിശ്വാസികളുടെ നിമിഷങ്ങൾ വിലപ്പെട്ടതാണെന്ന അടിസ്ഥാന വസ്തുതയെ മുന്നിൽ വെച്ചുകൊണ്ടുള്ള ഉപദേശമായിരുന്നു പ്രവാചകൻ(സ്വ) പറഞ്ഞുതന്ന ഈ അഞ്ചാമത്തെ കാര്യം. അഞ്ചു കാര്യങ്ങളും ഒന്നിനൊന്നു മെച്ചം. പ്രവാചക പാഠങ്ങൾ മനസ്സിരുത്തി വായിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുക എന്നതാണ് ഇനി നമ്മുടെ ബാധ്യത.

إِنَّ الَّذِينَ هُم مِّنْ خَشْيَةِ رَبِّهِم مُّشْفِقُونَ ۞ وَالَّذِينَ هُم بِآيَاتِ رَبِّهِمْ يُؤْمِنُونَ ۞ وَالَّذِينَ هُم بِرَبِّهِمْ لَا يُشْرِكُونَ ۞ وَالَّذِينَ يُؤْتُونَ مَا آتَوا وَّقُلُوبُهُمْ وَجِلَةٌ أَنَّهُمْ إِلَى رَبِّهِ مْ رَاجِعُونَ ۞ أُوْلَئِكَ يُسَارِعُونَ فِي الْخَيْرَاتِ وَهُمْ لَهَا سَابِقُونَ ۞ وَلَا نُكَلِّفُ نَفْسًا إِلَّا وُسْعَهَا وَلَدَيْنَا كِتَابٌ يَنطِقُ بِالْحَقِّ وَهُمْ لَا يُظْلَمُونَ (المؤمنون: 57-62)

തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവർ, തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും, തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കാത്തവരും, രക്ഷിതാവിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടു കൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും ആരോ അവരത്രെ നൻമകളിൽ ധൃതിപ്പെട്ട് മുന്നേറുന്നവർ. അവരത്രെ അവയിൽ മുമ്പേ ചെന്നെത്തുന്നവരും. ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ നാം ശാസിക്കുകയില്ല. സത്യം തുറന്നുപറയുന്ന ഒരു രേഖ നമ്മുടെ പക്കലുണ്ട്. അവരോട് അനീതി കാണിക്കപ്പെടുന്നതല്ല. (മുഅ്മിനൂൻ: 57-62)